പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1819 05.02.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ എം പാനൽ കണ്ടക്ടർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക ജീവനക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് തങ്ങൾ സ്വീകരിച്ചതെന്നും അതിനായി സാധ്യമായതെല്ലാം ചെയ്തിട്ടുണ്ടെന്നുള്ള സി.എം.ഡി.യുടെ വാക്കുകൾക്ക് ആധാരമാക്കിയ കാര്യങ്ങൾ എന്തെല്ലാം; എന്തെല്ലാം നടപടികളാണ് മുൻ സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താൽക്കാലിക ജീവനക്കാരുടെ കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക ജീവനക്കാരുടെ പ്രതിദിന വേതനം രണ്ടു ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. താൽക്കാലിക കണ്ടക്ടർമാർക്ക് ദിവസ വേതനം 430 രൂപയിൽ നിന്നും 480 രൂപയായും താൽക്കാലിക ഡ്രൈവർമാർക്ക് 450-ൽ നിന്ന് 500 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ താൽക്കാലിക വിഭാഗം ജീവനക്കാരും ഉൾപ്പെടുന്ന കോർപ്പറേഷന്റെ എല്ലാ മേഖലയിലെയും ജീവനക്കാരുടെ ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും, വിശ്രമം ഇല്ലാതെയും തുടർച്ചയായി രാത്രികാലങ്ങളിലും ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ട് ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും, സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിലെ നാലായിരത്തോളം വരുന്ന എം പാനൽ കണ്ടക്ടർമാരുടെ ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട കേസ്സിൽ ബോധപൂർവ്വം ഇവരെ പിരിച്ചുവിടുന്നതിന് എതിർകക്ഷികളെ കെ.എസ്.ആർ.ടി.സി. സഹായിച്ചെന്ന റിപ്പോർട്ടുകൾ പൂർണ്ണമായും തള്ളിക്കളയാവുന്നതല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) | ഈ കേസിൽ എതിർകക്ഷികളെ കെ.എസ്.ആർ.ടി.സി. സഹായിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | പുറത്തുപോയ നാലായിരത്തോളം എംപാനൽ കണ്ടക്ടർമാരെ സഹായിക്കുന്ന എന്തെങ്കിലും നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സഹായമാണ് നൽകിയതെന്ന് അറിയിക്കുമോ? | (സി) | ബഹു.കോടതിയുടെ വിധിക്കു വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ